# പ്രധാനമന്ത്രി പദത്തിലേക്ക് ഒരു ക്രാഷ് കോഴ്സ്

**വിദേശത്തേക്ക്** പോകുന്നവർക്കുവേണ്ടി നാട്ടിലെ കമ്പ്യൂട്ടർ സ്ഥാപനങ്ങളിൽ പലതരം ക്രാഷ് കോഴ്സുകൾ പതിവുണ്ട്. ആറു മാസം കൊണ്ട് തീരേണ്ട പഠനം രണ്ട് ആഴ്ച കൊണ്ടു തീർത്തുതരും. സമയക്കുറവുള്ളവർക്കാണ് കാര്യങ്ങളെ ക്രാഷ് സ്വഭാവത്തിൽ പഠിക്കേണ്ടിവരുന്നത്. കോൺഗ്രസ് ജനറൽ സെക്രട്ടറി രാഹുൽ ഗാന്ധി ഇപ്പോഴുള്ളത് ഇതുപോലൊരു സമയദൗർലഭ്യത്തിലാണ്. അടുത്ത ജൂൺ മാസത്തോടെ രാജ്യഭരണം ഇദ്ദേഹം ഏറ്റെടുത്തേ പറ്റൂ എന്ന ഒരുതരം അടിയന്തരാവസ്ഥ കോൺഗ്രസ്സിനകത്ത് ഉള്ളതുപോലെയുണ്ട്. ചുരുങ്ങിയപക്ഷം ടെൻ ജനപഥിലെങ്കിലുമുണ്ട്. ഒന്നുകൂടി വ്യക്തമാക്കി പറഞ്ഞാൽ സോണിയാ ഗാന്ധിയുടെ വീട്ടിനകത്ത്. മൻമോഹൻ സിംഗ് എന്ന അമേരിക്കൻ ഉപകരണം പോയി രാഹുൽ ഗാന്ധി എന്ന 'പാവങ്ങളുടെ പടത്തലവൻ' നാടുവാഴുമെന്നു നമ്മളെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള തിരക്കിലാണ് കോൺഗ്രസ് അധ്യക്ഷ. രാജ്യത്തെ ജനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത ആദ്യത്തെ പ്രധാനമന്ത്രിയാണ് മൻമോഹൻ സിംഗ് എന്നതിൽ തർക്കമുണ്ടാവാനിടയില്ല. അദ്ദേഹത്തിന്റെ 'പിന്തുടർച്ച'ക്കാരനെയെങ്കിലും ജനകീയതയുടെ കണ്ടംവെച്ച കോട്ടുടുപ്പിക്കുന്നതാണ് സോണിയാ ഗാന്ധി നടത്തുന്ന ക്രാഷ് കോഴ്സ്.

ആണവകരാറും വിത്തുനിയമവും സ്വകാര്യവത്കരണവും ജനിതക കൃഷിയും പ്രത്യേക സാമ്പത്തിക മേഖലയും കരാർ തൊഴിലുമൊക്കെയായി ഇന്ത്യയെ മുതലാളിമാരുടെ കാനാൻ ദേശമാക്കുന്നതിനു വേണ്ടി അത്യധ്വാനം ചെയ്യുന്ന മൻമോഹൻ സിംഗിനു പകരം ഗാന്ധി കുടുംബത്തിലെ ഇളമുറക്കാരൻ ഇന്നല്ലെങ്കിൽ നാളെ രക്ഷകവേഷം കെട്ടിയേ പറ്റൂ. ഒന്നാം പാഠമായി അമ്മയധ്യക്ഷ നിശ്ചയിച്ചു കൊടുത്തത്, ജനസേവനം ചേരികളിൽനിന്നു തുടങ്ങാനാണ്. ദലിതരും പാവപ്പെട്ടവരും എങ്ങനെ ജീവിക്കുന്നുവെന്നു തിരിച്ചറിയാതെ ഇന്ത്യയുടെ ആത്മാവ് തൊട്ടറിയാനാവില്ലെന്ന് രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയും ഉപദേശിച്ചിട്ടുണ്ടല്ലോ. അതാ പുറപ്പെടുന്നു അമേത്തിയിലേക്ക്. പൂർവസൂരികളുടെ ധന്യസ്മൃതികളിൽ ഒരു നിമിഷം വിജൃംഭിതനായി നിന്ന് ഇളമുറത്തമ്പുരാൻ ഉത്തരവ് പുറപ്പെടുവിച്ചു. കൊണ്ടുവാ ഒരു ലോറി നിറയെ ക്രിക്കറ്റ് ബാറ്റ്. ദലിതരുടെ കുഞ്ഞുങ്ങൾ ക്രിക്കറ്റ് കളിച്ചു രസിക്കട്ടെ. ഗ്രാമഗ്രാമങ്ങളിൽ ധോണിയും പത്താനുമൊക്കെ ഉണ്ടാകുമ്പോൾ ക്രിക്കറ്റ് ലീഗുകൾ ഭാവിയിൽ ജില്ലാടിസ്ഥാനത്തിൽ തുടങ്ങാനാവുമെങ്കിലോ? ബിസ്ക്കറ്റിലേക്കുള്ള വഴി തുറക്കുന്നത് ക്രിക്കറ്റിൽ നിന്നാണെന്ന മുതലാളിത്തത്തിന്റെ അടിക്കുറിപ്പോടെ ഒന്നാം പാഠം അവസാനിക്കുന്നു.

വീണ്ടും പുറപ്പെട്ടു യു.പി.യിലേക്കും ടിക്കംഗഡിലേക്കും ഒറീസയിലേക്കും മറ്റും. ഇന്ത്യാ രാജ്യത്ത് ഹരിജനങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നറിയേണ്ടേ? ചുറ്റും നിരന്നു നിൽക്കുന്ന സാദാ പോലീസിന്റെയും ഐ.പി.എസ് പോലീസിന്റെയും കണ്ണുവെട്ടിച്ച് നേരെ ചെന്നു കയറിയത് ഒരു ദലിത് ഭവനത്തിൽ. എന്തുണ്ട് ഭക്ഷണം? ദാൽ? ആലു? ചാവൽ? എന്തെങ്കിലും തരണം. വിശന്നിട്ടു വയ്യ. സിദ്ധാർഥ കുമാരനു ശേഷം ആദ്യമായാണ് മഹാരാജാവ് ദലിത് യുവതിയോട് ഭക്ഷണം യാചിക്കുന്നത്. ഉള്ളതു കഴിച്ച് കയറുകട്ടിലിൽ നക്ഷത്രങ്ങളെ കണ്ടുറങ്ങിയ രാത്രി. നക്സലൈറ്റുകളെങ്ങാനും റോക്കറ്റു വിട്ടാലോ എന്നു ഭയന്ന് പോലീസുകാർ പാവങ്ങൾ പറമ്പിനു ചുറ്റും മനുഷ്യമതിൽ തീർത്ത് രാവു വെളുപ്പിച്ചു. 'അല്ലലെന്തു കഥയിതു കഷ്ടമേ അല്ലലാലങ്ങു ജാതി മറന്നുവോ' എന്ന് ചോദിക്കാനുള്ള ധൈര്യമുണ്ടായത് മായാവതിക്കു മാത്രം. മായാവതി പറയുന്നത് കുമാരൻ പിറ്റേന്ന് അണുനശീകരണം നടത്തി ശുദ്ധിസ്നാനം ചെയ്തുവെന്നാണ്. രാഹുൽ ഗാന്ധി വീട്ടിലെത്തി എങ്ങനെ കുളിച്ചുവെന്ന് വിശദീകരിക്കാൻ പോയത് യു.പി മുഖ്യമന്ത്രിയുടെ നിലവാരമില്ലായ്മയല്ലാതെ മറ്റൊന്നുമല്ല. പക്ഷേ രാഹുൽ ഗാന്ധി മിടുമിടുക്കനാണ്. ഏതാനും മണിക്കൂറുകൾ ദലിതന്റെ വീട്ടുമുറ്റത്ത് കിടന്നുറങ്ങി, അവന്റെ ഒരു നേരത്തെ ഭക്ഷണം കഴിച്ച് ഒരു സമൂഹത്തിന്റെ ജീവിത പരിസരം മനസ്സിലാക്കിയ ആദ്യത്തെ പ്രധാനമന്ത്രി സ്ഥാനാർഥി!

കോൺഗ്രസ് പാഠപുസ്തകത്തിൽ ഇനിയുള്ള സൂത്രവാക്യങ്ങളിൽ പ്രധാനം ന്യൂനപക്ഷക്കാരനും അവന്റെ തൊപ്പി പ്രയാസങ്ങളുമാണ്. അതു മനസ്സിലാക്കുന്നതിന്റെ ഭാഗമായി രാഹുൽ ഗാന്ധി എവിടെയെങ്കിലും പോയി കാളയിറച്ചി കഴിക്കുമോ എന്നേ ഇനി കാണാനുള്ളൂ. ദലിതൻ ദാൽ കഴിക്കുന്നു എന്ന ഒന്നാം പാഠം പോലെയാണല്ലോ ഇതും. ജുമാ മസ്ജിദ് ഏരിയയിലൂടെ ഇറങ്ങി നടക്കുക കൂടി ചെയ്താൽ മുസ്‌ലിം മനങ്ങൾ ആനന്ദലബ്ധിയിൽ ആറാടും. ടെൻ ജൻപഥിലേക്ക് വരുന്ന മുസ്‌ലിം പരാതിക്കാരെ രാഹുൽ സ്വീകരിക്കാൻ ആരംഭിച്ചതായാണ് അറിയുന്നത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്ന കാര്യത്തിലും രാഹുൽ ഗാന്ധി ഉടൻ ശിപാർശ നടത്തുമെന്നാണ് കേൾവി. കൃഷിക്കാരന്റെ വിഷമം അറിയാനുള്ള എളുപ്പവഴിയും കോൺഗ്രസ് കുറിപ്പുകളിലുണ്ട്. വിദർഭയിലെയോ ബുന്ദേൽഖണ്ഡിലെയോ ഏതെങ്കിലും പാടത്ത് വിത്തെറിയുമ്പോഴോ കൊയ്ത്തുത്സവം നടക്കുമ്പോഴോ ഒരു പാളത്തൊപ്പിയും ധരിച്ച് വരമ്പത്ത് കർഷകരോടൊപ്പം ഫോട്ടോക്കു പോസ് ചെയ്യണം. ഒത്താൽ ട്രാക്ടറിന്റെ ഡ്രൈവിംഗ് സീറ്റിൽ ഒന്നു കയറിയിരിക്കണം. കൈയിലും ഉടുപ്പിലും അൽപം ചെളിപുരളുക കൂടി ചെയ്താൽ രാജ്യത്തെ കർഷക മനങ്ങൾ കോൺഗ്രസ്സിനു വേണ്ടി കുളിരണിയുകതന്നെ ചെയ്യും.

ഇന്ത്യയെ കണ്ടെത്താനുള്ള വഴികൾ എത്ര എളുപ്പമാണല്ലേ? ഗ്രാമഗ്രാമാന്തരങ്ങളിൽ ജനങ്ങളോടൊത്ത് ഉണ്ടും ഉറങ്ങിയും പടനയിച്ച് വളർന്ന നേതാക്കളുണ്ടായിട്ടു പോലും ഗതിപിടിക്കാത്ത രാജ്യമാണ് നമ്മുടേത്. അവരുടെ സ്ഥാനത്തേക്ക് ഇന്നത്തെ ക്രാഷ് കോഴ്സു രാഷ്ട്രീയക്കാർ കടന്നുവരുന്നതിന്റെ ദുരന്തം പക്ഷേ നാം കരുതുന്നതിനേക്കാൾ എത്രയോ ഭീകരമാണ്. രാഷ്ട്രീയക്കാരനും ഉദ്യോഗസ്ഥനും ചേർന്ന പുതിയൊരു കോക്കസ് ആണ് ഇന്ന് ഇന്ത്യയെ പണയം വെക്കുന്നത്. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം ജനതയുടെ മക്കൾ ഉന്നത ഉദ്യോഗസ്ഥരാവുകയും അവരിൽ മഹാഭൂരിപക്ഷവും അമേരിക്കൻ വിദ്യാഭ്യാസമാണ് വികസനത്തിന്റെ മുദ്രാവാക്യമെന്ന് തെറ്റിദ്ധരിക്കുകയും ചെയ്തതോടെ സാമ്രാജ്യത്വം പിൻവാതിലിലൂടെ സൗത്ത് ബ്ലോക്കിലേക്ക് മടങ്ങിവരികയാണ് ചെയ്തത്. സാമ്രാജ്യത്വത്തിന് കിട്ടിയ എക്കാലത്തെയും വലിയ ഉരുപ്പടിയാണ് ഇപ്പോൾ നാടുവാഴുന്ന മൻമോഹൻ സിംഗ്. അദ്ദേഹത്തിന്റെ പകരക്കാരനാവേണ്ടത് കുറെക്കൂടി പാശ്ചാത്യവത്കരിക്കപ്പെട്ട ഒരാളാണോ? ഇന്ത്യയുടെ ചൂടും ചൂരും പുസ്തകങ്ങളിൽനിന്നു പകർത്തിയവരുണ്ടോ ഈ രാജ്യത്തിന്റെ മിടിപ്പറിഞ്ഞിട്ട്? ഇന്ത്യയെ ജീവിതം കൊണ്ട് കണ്ടെത്തിയ ഒരു മുൻ പ്രധാനമന്ത്രിയുടെ ഇളമുറക്കാരൻ ഇങ്ങനെയൊക്കെയാണോ രാഷ്ട്രീയത്തിന്റെ പാഠങ്ങൾ പകർത്തേണ്ടത്? കോൺഗ്രസ് കുടുംബത്തിന്റെ ഭാവി എന്നതിനേക്കാളുപരി ഓരോ ഇന്ത്യക്കാരന്റെയും ഭാവിയെ കുറിച്ച പ്രശ്നമായാണ് ഇത് മാറുന്നത്. ■